**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2187 — 20.06.2012-ൽ മറുപടിയ്ക്ക്

## കേരളാ ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ.അജിത്<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. പി.തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| എ) കേരളത്തിൽ ഹാർട്ട്ഫൗണ്ടേഷൻ സ്ഥാപിതമായതെന്നാണ്; ഈ ഫൗണ്ടേഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | എ) 08.11.2002-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 292/02/ആ.കു.വ പ്രകാരമാണ് ഹൃദയ രോഗ ചികിത്സാ രംഗത്ത് ആധുനിക രീതിയിലുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ലക്ഷ്യം വച്ച് ഒരു സെന്റർ ഓഫ് എക്സലൻസ് ആയി കേരള ഹാർട്ട് ഫൗണ്ടേഷൻ എന്ന സ്ഥാപനം രൂപീകരിച്ചത് 25.06.2003-ൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് അനുസരിച്ച് ഒരു സൊസൈറ്റിയായി ഫൗണ്ടേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ഹൃദ്രോഗം തടയുക, ആധുനിക ഹൃദ്രോഗ ചികിത്സാ സമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയും ഹൃദ്രോഗം ഭേദമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും അതു വഴി ഹൃദ്രോഗികളുടെ ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നീ പ്രധാന ലക്ഷ്യങ്ങളോടെയാണ് കേരള ഹാർട്ട് ഫൗണ്ടേഷൻ സ്ഥാപിതമായത്. കാർഡിയോളജി വിഭാഗത്തിൽ ചികിത്സാ, ഗവേഷണം എന്നിവ നടത്തുക, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, പെരിഫറൽ സെന്ററുകൾ എന്നിവിടങ്ങളിൽ നിന്ന് റഫർ ചെയ്യുന്ന 20% രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുക, സെമിനാറുകൾ, കോൺഫറൻസുകൾ, ശില്പശാലകൾ എന്നിവയിലൂടെ ഹൃദ്രോഗത്തെയും അത് തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക, ആധുനിക ചികിത്സാ രീതികളിലൂടെ ഹൃദ്രോഗികളുടെ മരണ നിരക്ക് കുറയ്ക്കുക എന്നിവയും കേരള ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽപ്പെടുന്നു. |

(മറുപുറം)

| | | | |
|---|---|---|---|
| ബി) | ഈ ഫൗണ്ടേഷന്റെ കീഴിൽ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | ഹൃദ്രോഗികൾക്ക് ആധുനിക ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം ആരംഭിച്ച കേരള ഹാർട്ട് ഫൗണ്ടേഷൻ ഇലക്ട്രോ ഫിസിയോളജി വർക്ക് സ്റ്റേഷൻ, ഹോൾട്ടർ മോണിറ്റർ, ട്രെഡ്മിൽ സിസ്റ്റം, പോർട്ടബിൾ എക്കോ യൂണിറ്റ് എന്നീ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചതു വഴി ഹൃദ്രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ആധുനിക സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ സാധാരണക്കാരായ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള നിർധനരായ രോഗികൾക്ക് പല ടെസ്റ്റുകളും സൗജന്യമായി ചെയ്തുകൊടുക്കുന്നു. ജീവൻ രക്ഷാ ഉപകരണങ്ങളായ ഇൻവാസീവ് വെന്റിലേറ്റർ, നോൺ ഇൻവാസീവ് വെന്റിലേറ്റർ, ഇൻഫ്യൂഷൻ പമ്പ് എന്നിവ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചതോടെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗം അത്യാധുനിക ചികിത്സാ സൗകര്യങ്ങളോടു കൂടിയ ഒരു വിഭാഗമായി തീർന്നു. കൂടാതെ ഹൃദ്രോഗത്തെയും, നിവാരണ ചികിത്സാ മാർഗ്ഗങ്ങളെയും കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ക്യാമ്പുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, , പോസ്റ്റർ പ്രദർശനങ്ങൾ എന്നിവ നടത്തി വരുന്നു. പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ സൗജന്യ രോഗ നിർണ്ണയം, സൗജന്യ രക്തപരിശോധന, വിദഗ്ദ ഡോക്ടർമാരുടെ സൗജന്യ പരിശോധന എന്നിവ നടത്തി വരുന്നു. |
| സി) | ഹാർട്ട് ഫൗണ്ടേഷന്റെ അടിസ്ഥാന യൂണിറ്റ് ഏതാണ്; | സി) | കേരള ഹാർട്ട് ഫൗണ്ടേഷന്റെ അടിസ്ഥാന യൂണിറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗമാണ്. |
| ഡി) | കേരളാ ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ